**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേരള, കാലിക്കറ്റ് സർവകലാശാലകളുടെ ഭൂമി പാട്ട തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാലയുടെ 37 ഏക്കർ ഭൂമി, പാട്ട വ്യവസ്ഥയിൽ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമാണത്തിന് വിട്ടുകൊടുത്തതിൽ നാളിതുവരെ എത്ര രൂപ പാട്ട കുടിശ്ശിക ഇനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കാനുണ്ട്; പാട്ട തുക ലഭിക്കുന്നതിന് സർവകലാശാല സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 2015-2016 മുതൽ 2024 നവംബർ വരെ (ജി.എസ്.റ്റി 18% ഉൾപ്പെടെ, പിഴപലിശ തുക ഉൾപ്പെടാതെ) പാട്ട കുടിശ്ശിക ഇനത്തിൽ സർവകലാശാലയ്ക്ക് 82,85,71,535/- രൂപ (എൺപത്തിരണ്ട് കോടി എൺപത്തിയഞ്ച് ലക്ഷത്തിഎഴുപത്തിയൊന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ലഭിക്കാനുള്ളതായി കണക്കാക്കിയിട്ടുണ്ട്.<br><br>ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്മേൽ ലഭിക്കാനുള്ള പാട്ടകുടിശ്ശിക അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവകലാശാല സർക്കാരുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. 25.04.2025 തീയതിയിൽ ചേർന്ന സ്റ്റേഡിയം മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സർവകലാശാലയ്ക്ക് ലഭിക്കാനുള്ള പാട്ടകുടിശ്ശിക അടിയന്തരമായി ലഭ്യമാക്കണമെന്ന് സർവകലാശാല സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | കാലിക്കറ്റ് സർവകലാശാലയുടെ ഭൂമിയും സ്വകാര്യ ഏജൻസിയുമായി ചേർന്ന് സ്റ്റേഡിയം നിർമ്മാണത്തിന് വിട്ടുകൊടുക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കിഫ്ബി ഫണ്ട് അനുവദിച്ചതും നിർമ്മാണം ആരംഭിക്കുവാൻ തടസങ്ങൾ നേരിട്ടതുമായ 4 സ്റ്റേഡിയങ്ങളുടെ ഭരണാനുമതി തുകയായ 125 കോടി രൂപ വിനിയോഗിച്ച് കാലിക്കറ്റ് സർവ്വകലാശാല ക്യാമ്പസിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുന്നതിന് 26.11.202-ലെ സ.ഉ (സാധാ)നമ്പർ.276/2024/കായുവ പ്രകാരം സർക്കാർ 125 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.<br><br>പദ്ധതി നടപ്പിലാക്കുന്നതിനായി ഏകദേശം 700 കോടി രൂപ ചെലവ് വരുമെന്നതിനാൽ ടി പദ്ധതി പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP) മോഡലിൽ നടപ്പിലാക്കുന്നതിനായി വിദഗ്ധ ഉപദേശം |

| | | | |
|---|---|---|---|
| | | | തേടുന്നതിന് ഏജൻസിയെ തിരഞ്ഞെടുക്കുന്നതിന് Expression of Interest (EOI) ക്ഷണിക്കുന്നതിനായി ഭരണാനുമതി തുകയിൽ നിന്നും 1 കോടി രൂപ അനുവദിച്ച് 20.05.202-ലെ ജി.ഒ(ആർ.റ്റി) നമ്പർ.137/2025/SYA പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് കായിക വകുപ്പിന് കിഫ്ബി ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ അനുവദിച്ചു; | (സി) | മറുപടി (ബി)-യിൽ നൽകിയിട്ടുണ്ട്. |
| (ഡി) | സർവ്വകലാശാല ഭൂമി സ്റ്റേഡിയം നിർമ്മാണത്തിന് വിട്ടുനൽകുന്നതിന് കാലിക്കറ്റ് സർവ്വകലാശാലയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; അനുമതി ലഭിക്കാതെ സർക്കാരും കായിക വകുപ്പും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സർക്കാർ വിഹിതമായി 125 കോടി രൂപയും സർവകലാശാല വിഹിതമായി നിർമ്മിതിയ്ക്കാവശ്യമായ സ്ഥലവും നൽകാമെന്ന വ്യവസ്ഥയോടെ ക്യാമ്പസ്സിൽ അത്യാധുനിക ഫുടബോൾ സ്റ്റേഡിയം നിർമ്മിക്കാൻ നടപടികൾ തുടങ്ങാൻ കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ